**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 17

26.9.2011 ൽ
മറുപടിയ്ക്ക്

## സൗജന്യ ഓണക്കിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി ;<br>ശ്രീ. എം. ഹംസ ;<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ;<br>ശ്രീ. സി. കൃഷ്ണൻ ; | ശ്രീ. റ്റി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പാവപ്പെട്ട കുടുംബങ്ങൾക്ക് മുൻ സർക്കാർ നൽകി വന്നിരുന്ന സൗജന്യ ഓണക്കിറ്റ് ഈ വർഷം നൽകുകയുണ്ടായോ ; എത്ര കുടുംബങ്ങൾക്ക് അവ നൽകുകയുണ്ടായി ; മുൻ വർഷം എത്ര കുടുംബങ്ങൾക്ക് നൽകിയിരുന്നു ; | എ) ബി.പി.എൽ/എ.എ.വൈ കുടുംബങ്ങൾക്ക് ഈ വർഷവും സൗജന്യമായി ഓണക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഏകദേശം 17 ലക്ഷത്തോളം എ.എ.വൈ /ബി.പി.എൽ കുടുംബങ്ങൾക്ക് കിറ്റ് നൽകി. മുൻ വർഷം 1798036 കുടുംബങ്ങൾക്ക് കിറ്റ് നൽകി. |
| ബി) സൗജന്യ ഓണക്കിറ്റിൽ എന്തെല്ലാം സാധനങ്ങൾ എത്ര ഗ്രാം വീതം ഉണ്ടായിരുന്നു ; മുൻ വർഷം നൽകിയ സാധനങ്ങൾ എന്തെല്ലാമായിരുന്നു ; എത്ര ഗ്രാം വീതം നൽകുകയുണ്ടായി ; | ബി) കഴിഞ്ഞ വർഷവും ഈ വർഷവും ഓണകിറ്റിൽ താഴെപ്പറയുന്ന സാധനങ്ങളാണ് നൽകിയത്.<br>അരി - 2 കി.ഗ്രാം<br>പഞ്ചസാര - 500 ഗ്രാം<br>മുളക് - 200 ഗ്രാം<br>തേയില - 100 ഗ്രാം |
| സി) ഈ വർഷം ഓണക്കിറ്റ് നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തായിരുന്നു; ഇക്കാര്യത്തിലെടുത്ത തീരുമാനം എന്തായിരുന്നു ? | സി) കഴിഞ്ഞ വർഷം നൽകിയതുപോലെ ബി.പി.എൽ/എ.എ.വൈ കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകുന്നതിനും അതിനുള്ള ഫണ്ട് അനുവദിക്കുന്നതിനുമുള്ള അപേക്ഷയാണ് സർക്കാരിന് സമർപ്പിച്ചത്. ആയത് ഉത്തരവാകുകയും 20 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായി ഓണക്കിറ്റ് നൽകുന്നതിന് ചിലവിനത്തിൽ 16.68 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ